കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രയ പദ്ധതി - സ.ഉ (സാധാ) നം. 2045/13/തസ്വഭവ ഭേദഗതി ചെയ്ത് - ഉത്തര വാകുന്നു .

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ)നം. 1060/2014/തസ്വഭവ. തിരുവനന്തപുരം, തീയതി 30/04/2014.

---

പരാമർശം (1) 3/8/2013 ലെ സ.ഉ. (സാധാ) നം.2045/2013/തസ്വഭവ.
(2)കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 5.10.2013 ലെ കെ.എസ്/എൽ/4646/2010 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ കൽപ്പറ്റ മുൻസിപ്പാലിറ്റി, പൂതാടി ഗ്രാമ പഞ്ചായത്ത്, ഇടുക്കി ജില്ലയിലെ ഉപ്പുതറ, ഗ്രാമ പഞ്ചായത്ത്, കോട്ടയം ജില്ലയിലെ കറിച്ചി ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക പട്ടിക വർഗ്ഗ ആശ്രയ പദ്ധതികൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം ഒന്നിലെ ഉത്തരവിൽ ചലഞ്ച് ഫണ്ടിനത്തിലുള്ള തുകയിൽ പിശക് വന്നിട്ടുണ്ടെന്നും ആയത് തിരുത്തി ഉത്തരവാകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം രണ്ട് കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഒന്നിലെ ഉത്തരവിൽ അനുവദനീയ ചലഞ്ച് ഫണ്ട് 54,046,653/- രൂപ എന്നതിനു പകരം 54,46,653/- രൂപ എന്നും രണ്ടാംഘട്ട ആശ്രയ പദ്ധതി എന്നത് പ്രത്യേക പട്ടിക വർഗ്ഗ ആശ്രയ പദ്ധതി എന്നും ഭേദഗതി വരുത്തി സർക്കാർ ഉത്തരവാകുന്നു. പരാമർശം ഒന്നിലെ ഉത്തരവ് ടി ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

എൻ. വിശ്രുതൻ ആചാരി,
അണ്ടർ സെക്രട്ടറി.

എക്സിക്യുട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ തിരുവനന്തപുരം.
സെക്രട്ടറി, പൂതാടി ഗ്രാമപഞ്ചായത്ത്, വയനാട്.
സെക്രട്ടറി, ഉപ്പുതറ ഗ്രാമപഞ്ചായത്ത്, ഇടുക്കി.
സെക്രട്ടറി,കറിച്ചി ഗ്രാമപഞ്ചായത്ത്, കോട്ടയം.
സെക്രട്ടറി കൽപ്പറ്റ മുനിസിപ്പാലിറ്റി, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.